Circular No. 132
Eucharistic Adoration
June 2, 2013

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 01-04-2013

പ്രിയ ബ. അച്ചാ,

സാർവ്വത്രിക സഭയോടു ചേർന്ന് വിശ്വാസവർഷം ഫലപ്രദമായി ആചരിക്കുന്നതിനായി നാം തയ്യാറാക്കിയ അജപാലനമാർഗ്ഗരേഖ നമ്മുടെ വിശ്വാസവർഷാചരണങ്ങൾക്ക് ഏറെ സഹായകമാകുന്നു എന്നതിൽ ദൈവത്തിനു ഞാൻ നന്ദി പറയുന്നു. ഈ മാർഗ്ഗരേഖയുടെ വെളിച്ചത്തിൽ കൂടാരയോഗങ്ങളിൽ നടക്കുന്ന വിശദമായ ചർച്ചകളിലൂടെ വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും അനുയോജ്യമായ വിവിധ പ്രവർത്തനങ്ങൾ കണ്ടെത്തുവാൻ കഴിയും. അവയിലൂടെ വിശ്വാസവർഷാചരണം ദൈവാനുഭവത്തിനുള്ള നല്ല ഒരവസരമാക്കി മാറ്റാനും നമുക്ക് സാധിക്കുന്നു. മാത്രമല്ല, അതുവഴി അനുദിനജീവിതത്തിൽ സ്നേഹത്തിൽ പ്രവർത്തനനിരതമായ വിശ്വാസസാക്ഷ്യം നൽകാൻ ദൈവജനത്തിന് അവസരമൊരുങ്ങുകയും ചെയ്യുന്നു എന്നറിയുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു.

ദിവ്യകാരുണ്യ നാഥനോടുള്ള ആഴമേറിയ ആത്മബന്ധമാണല്ലോ ഇപ്രകാരം സമൂഹത്തിൽ വിശ്വാസ സാക്ഷ്യം നൽകാൻ നമ്മെ പ്രാപ്തരാക്കുന്നത്. അതിനാൽ വി. കുർബാനയിലെ സജീവമായ പങ്കാളിത്തവും ദിവ്യകാരുണ്യ ആരാധനയും വിശ്വാസവർഷത്തിന്റെ അവഗണിക്കാനാവാത്ത അനുഗ്രഹ സ്രോതസ്സുകളായി നാം കാണണം. ദിവ്യകാരുണ്യഭക്തി വളർത്താനും പരിശുദ്ധകുർബാനയിൽ സത്യമായി എഴുന്നള്ളിയിരിക്കുന്ന ഈശോയുമായുള്ള വ്യക്തിബന്ധം പരിപോഷിപ്പിക്കാനും ഈ വിശ്വാസവർഷത്തിൽ നാമോരോരുത്തരും പരിശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കത്തീഡ്രൽ ദൈവാലയത്തോടു ചേർന്നുള്ള നിത്യാരാധന കപ്പേളയിൽ ധാരാളം ആളുകൾ എത്തി ദിവസവും ദിവ്യകാരുണ്യ സന്നിധിയിൽ ആശ്വാസം കണ്ടെത്തുന്നു എന്നത് സന്തോഷദായകമാണ്. വിവിധ ആവശ്യങ്ങൾക്കായി കോട്ടയം നഗരത്തിലെത്തുന്ന നമ്മുടെ ആളുകൾ അല്പസമയമെങ്കിലും നിത്യാരാധന കപ്പേളയിൽ ചെലവഴിക്കാനും തങ്ങൾക്കും, അതിരൂപത മുഴുവനും വേണ്ടി പ്രാർത്ഥിക്കാനും ശ്രമിക്കുന്നത് ഏറെ ശ്ലാഘനീയമാണ്. നമ്മുടെ ഇടവക ദൈവാലയങ്ങളിൽ സദാ സന്നിഹിതനായി നമ്മെ സ്നേഹപൂർവ്വം കാത്തിരിക്കുന്ന ഈശോയെ സന്ദർശിക്കാൻ എല്ലാദിവസവും അല്പസമയമെങ്കിലും കണ്ടെത്തുന്നത് എത്രയോ അനുഗ്രഹീതമാണ്.

വിശ്വാസ വർഷത്തിന്റെ കേന്ദ്രബിന്ദുവായ ദിവ്യകാരുണ്യ നാഥനോടുള്ള ഭക്തിയിൽ സാർവ്വത്രിക സഭയെ മുഴുവൻ കോർത്തിണക്കാനുള്ള ഒരു പദ്ധതിയിലേക്ക് പരിശുദ്ധ പിതാവ് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. ഈ വരുന്ന ജൂൺ മാസം 2-ാം തീയതി ഞായറാഴ്ച ലോകമാസകലമുള്ള കത്തോലിക്കർ ഫ്രാൻസീസ് മാർപ്പാപ്പയോടു ചേർന്ന് ദിവ്യകാരുണ്യ ആരാധനയിൽ പങ്കു ചേരണമെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു. അന്നേദിവസം ഇറ്റാലിയൻ സമയം വൈകുന്നേരം 5 മണിമുതൽ 6 മണിവരെ, അതായത് ഇന്ത്യൻ സമയം വൈകുന്നേരം 8.30 മുതൽ 9.30 വരെ വത്തിക്കാനിൽ നടക്കുന്ന തിരുമണിക്കൂർ ആരാധനയിൽ ആത്മനാ പങ്കുചേരാൻ പരിശുദ്ധപിതാവ് നമ്മെ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ലോകമെമ്പാടും പടർന്നു പന്തലിച്ചിരിക്കുന്ന രക്ഷാകരമായ മുന്തിരിവള്ളിയിലെ ശാഖകളാണ് നാമോരോരുത്തരും എന്നും ആ മുന്തിരിയുടെ ജീവരസമാണ് നമ്മെ ചൈതന്യവത്താക്കുന്നതെന്നും അനുസ്മരിപ്പിക്കാൻ ഈ തിരുമണിക്കൂർ നമുക്കു സഹായകമാകണം. ആയതിനാൽ ഈ ജൂൺ മാസം 2-ാം തീയതി ഞായറാഴ്ച വൈകുന്നേരം 8.30 മുതൽ 9.30 വരെ നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും തിരുമണിക്കൂർ ആരാധന നടത്തണമെന്നും

സാധിക്കുന്ന എല്ലാ വിശ്വാസികളും  ഈ ആരാധനയിൽ പങ്കുചേർന്ന് സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ ദിവ്യകാരുണ്യ നാഥനോടുള്ള ബന്ധത്തിൽ ആഴപ്പെടാൻ പരിശ്രമിക്കണമെന്നും സ്നേഹപൂർവ്വം നിങ്ങളെ ഞാൻ ഉദ്ബോധിപ്പിക്കുന്നു. ആരോഗ്യപരമായ കാരണങ്ങളാലോ മറ്റു ഗൗരവമേറിയ സാഹചര്യങ്ങളാലോ ഈ ദിവ്യകാരുണ്യ ആരാധനയിൽ ശാരീരികമായി പങ്കെടുക്കാൻ സാധിക്കാത്തവർക്കും ആ സമയം അവർ എവിടെയായിരിക്കുന്നുവോ അവിടെ ആയിരുന്നുകൊണ്ട് അരൂപിക്കടുത്തവിധത്തിൽ ഈ തിരുമണിക്കൂറിൽ പങ്കെടുത്ത് പരിശുദ്ധ പിതാവിന്റെയും ലോകമാസകലമുള്ള മെത്രാന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും മറ്റു സകല വിശ്വാസികളുടെയും കൂടെ പ്രാർത്ഥനയിൽ പങ്കുചേരാവുന്നതാണ്. സ്വർഗ്ഗീയസഭയും ഭൗമികസഭയും ദിവ്യകാരുണ്യ സന്നിധിയിൽ നിർവൃതി കണ്ടെത്തുന്ന അനർഘനിമിഷങ്ങളെ അമൂല്യമാക്കി മാറ്റാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സസ്നേഹം

**✠ മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

**N.B. :** 1. ഈ സർക്കുലർ മെയ് 26-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

2. 2013 മെയ് 19-ാം തീയതി ബൈബിൾ ഞായറായി ആചരിക്കേണ്ടതും അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച അതിരൂപതകേന്ദ്രത്തിൽ ഏൽപിക്കേണ്ടതുമാണ്.